Monthly Newsletter of
THE INDIAN PENTECOSTAL CHURCH OF GOD - BAHRAIN

IPC VOICE

★ Glorious service in Bahrain since 1956 ★ Issue No. 95 - September 2025

# “ദൈവഹിതത്തിന്റെ പരിജ്ഞാനത്താൽ നിറഞ്ഞുവരിക.”

## “You might be filled with the knowledge of His will” (Colossians 1:10)



ഏഷ്യമൈനറിലെ ഒരു ചെറുപട്ടണം ആയ കൊലോസ്യയിലുള്ള ദൈവസഭയെക്കുറിച്ച് അപ്പോസ്തലനായ പൗലോസിന്റെ ആത്മാർത്ഥമായ ആഗ്രഹം തന്റെ പ്രാർത്ഥനയിൽ പ്രതിപാദിക്കുകയാണ്. അപ്പോസ്തലനായ പൗലോസിന്റെ കാരാഗ്രഹലേഖനങ്ങളിൽ ഒന്നാണ് കൊലോസ്യലേഖനം. റോമാസാമ്രാജ്യത്തിന്റെ അധിപനായ നീറോ ചക്രവർത്തിയുടെ അതിക്രൂരവും നികൃഷ്ടവുമായ ഭരണകാലഘട്ടം ആയിരുന്നു ഇത്. ഏകദേശം AD 60 നും AD 62 നും ഇടയിലുള്ള കാലഘട്ടത്തിൽ ഈ ലേഖനം എഴുതപ്പെട്ടു എന്ന് വിശ്വസിക്കപ്പെടുന്നു.

കാരാഗ്രഹത്തിന്റെ അകത്തളങ്ങളിൽ കിടന്നുകൊണ്ട് അപ്പോസ്തലനായ പൗലോസ് കൊലോസ്യയിലുള്ള ദൈവമക്കളിൽ ഒരിക്കലുണ്ടായിരുന്ന ശക്തമായ വിശ്വാസം നഷ്ടപ്പെട്ട അവസ്ഥ കേൾക്കുകയുണ്ടായി. മാത്രമല്ല, ആ കാലഘട്ടങ്ങളിൽ വർദ്ധിച്ചുവരുന്ന ദൈവശാസ്ത്ര അപചയങ്ങളിലേക്കും അപകടങ്ങളിലേക്കും വഴുതിവീഴാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കി അവരെ വിശ്വാസത്തിൽ ഉറപ്പിക്കുവാനും അവരുടെ ദൈവശാസ്ത്രത്തിലുള്ള തെറ്റുകളെ ഖണ്ഡിക്കുവാനും കൂടെയാണ് ഈ ലേഖനം എഴുതുന്നത്.

നാം തിരഞ്ഞെടുത്ത വാക്യത്തിൽ പൗലോസ് ആഗ്രഹിക്കുകയാണ്, “അവന്റെ (ക്രിസ്തുവിന്റെ) ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണമെന്ന്”. നിറഞ്ഞുവരേണം (Filled) എന്നത് അക്ഷരാർത്ഥത്തിൽ ‘നിയന്ത്രിക്കപ്പെടുക’ (to be controlled) എന്നർത്ഥം. ഓരോ ദൈവവിശ്വാസികളും ദൈവഹിതത്താൽ എല്ലാതലത്തിലും നിയന്ത്രിക്കപ്പെടുന്നവർ ആയിരിക്കണം.


എങ്ങനെയാണ് ദൈവഹിതത്താൽ പരിപോഷിപ്പിക്കപ്പെടുകയും നിയന്ത്രിക്കപ്പെടുകയും ചെയ്യുന്നത്? ദൈവത്തിന്റെ വചനത്താലും അനുസരണത്താലും ആണ് നിയന്ത്രിക്കപ്പെടേണ്ടത്.

സങ്കീർത്തനക്കാരൻ പ്രാർത്ഥിക്കുകയാണ്, (Psalms143:10) “നിന്റെ ഇഷ്ടം ചെയ്യുവാൻ എന്നെ പഠിപ്പിക്കേണമേ”.(Teach me to do Your will)–. ഒരു ത്യാഗപൂർണമായ ജീവിതം പഠനത്തിന് ആവശ്യമാണ്. ഒരു കുട്ടി ഈ ഭൂമിയിലേക്ക് ജനിച്ചു വീഴുമ്പോൾ അവൻ/അവൾ പഠിക്കുകയാണ്, ഒരു സുരക്ഷിതവും സുഗമമായ (comfort zone) സാഹചര്യത്തിൽ നിന്നും തികച്ചും വ്യത്യസ്തമായ, അസ്വസ്ഥത നിറഞ്ഞ (discomfort zone) ഒരു മേഖലയിലേക്ക് ഞാൻ ജനിച്ചു വീണിരിക്കുകയാണ് എന്ന്. അങ്ങനെ അവൻ/അവൾ തങ്ങളുടെ ത്യാഗോജ്വലമായ പഠനം ആരംഭിക്കുകയാണ്. അവന്റെ/അവളുടെ ഓരോ വളർച്ചയുടെ പടവുകൾ ചവിട്ടി മെതിച്ചു കൊണ്ട് അവൻ ജീവിതത്തിന്റെ തലങ്ങളെ പഠിച്ചു മുന്നേറുകയാണ്. (അത് അവൻ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും).

നമ്മുടെ ഇഷ്ടങ്ങൾക്കും, നമ്മുടെ അനിഷ്ടങ്ങൾക്കും ഇവിടെ സ്ഥാനമില്ല. ഒരു രാജ്യത്തിന്റെ പൗരൻ ആ രാജ്യത്തിന്റെ നിയമ സംഹിതകൾക്കും, രാജ്യതാത്പര്യങ്ങൾക്കും വിധേയനാണ്. അതിനെ എതിർത്തോ അതിനെ ലംഘിച്ചോ മുൻപോട്ടു പോകുവാൻ സാധ്യമല്ല. നമ്മുടെ പല ഇഷ്ടങ്ങളും ഒക്കുന്നുണ്ടാകാം, ഒക്കുന്നുണ്ടാവാതിരിക്കാം. ഒത്താലും, ഒത്തില്ലേലും രാജ്യതാല്പര്യങ്ങൾക്കാണ് പ്രാധാന്യത. ആയതുപോലെ, നമ്മുടെ എല്ലാ തീരുമാനങ്ങളിലും, പ്രവർത്തികളിലും ദൈവം എന്ത് ആഗ്രഹിക്കുന്നുവെന്ന് തിരിച്ചറിയുകയും അതിന്റെ പ്രകാരം ജീവിക്കുകയും ചെയ്യുക എന്നതാണ് പ്രാധാന്യം അർഹിക്കുന്നത്. ദൈവഹിതത്തിന്റെ പരിജ്ഞാനത്താൽ നിറഞ്ഞു വരിക എന്നത് ആത്മീകവളർച്ചയുടെ ഉന്നത ലക്ഷ്യമാണ്.

>> >> Continued on Page 3 >> >>


# KIDS CORNER




JEWEL MARIAM JOHN




DENNA ROSEN MANOJ




ASHER JOSH NIDHIN




ENOCH LOVINSON ABRAHAM




ABEL JOHN NIDHIN




ADON VINU JOHN



EPHRAIM LOVINSON ABRAHAM



JONAS MATHEW SHAJAN



NEVON JOHN SELVIN



SARA DHANEESH

## VERSE OF THE MONTH

*"Surely the Lord has done great things."*
Joel 2:21








**Congratulations**
**Sis. Priscilla Ponnachan**
Correct Answer : **Zebulun**

## Community Connection



*Members of Gideon's International visited the church, sharing their mission and inspiring a spirit of fellowship on August 7, 2025*

Continued from Page 1

ലോകത്തിന്റെ തത്വശാസ്ത്രങ്ങൾക്കോ, തത്വസംഹിതകൾക്കോ, ഭൗതീക മണ്ഡലങ്ങൾക്കോ ഗ്രഹിക്കുവാൻ പറ്റുന്നതിലും അപ്പുറമാണ് ദൈവഹിതം എന്നത്. ലോകത്തോട് അനുരൂപപ്പെടുന്ന ഒരു വ്യക്തിക്ക് ദൈവഹിതത്തോടു നടന്നടുക്കുവാൻ പ്രയാസകരമാണ്. അവൻ ലോകത്തിന്റെ ചിന്തകൾക്കും, ഹിതത്തിനും ഒത്തവണ്ണം നടന്ന് ലോകമനുഷ്യനായി തീർന്ന് ദൈവീക ഹിതത്തിന്റെ ശ്രേഷ്ഠത മനസിലാക്കാതെ അന്ധകാരത്തിൽ തപ്പി നടന്ന് ജീവിതത്തിന് ഒരു അർത്ഥമില്ലാത്ത നരക ജീവിതത്തിനു യോഗ്യനായിത്തീരുകയാണ്.

എന്നാൽ, ആത്മീകൻ ലോകത്തിന് അനുരൂപനാകാതെ നന്മയും (good), പ്രസാദവും (acceptable), പൂർണ്ണതയും (perfect) ഉള്ള ദൈവഹിതം തിരിച്ചറിഞ്ഞ് മനസ്സുപുതുക്കി രൂപാന്തരപ്പെട്ട് ജീവിതം മുന്നോട്ട് നയിച്ച് ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് സ്വർഗ്ഗരാജ്യത്തിന് അവകാശിയായി തീരുന്നു.

പ്രീയരെ, ദൈവഹിതം അറിയാതെ യാത്ര ചെയ്യുന്ന ഒരുവൻ അന്ധകാരത്തിൽ തപ്പിത്തടഞ്ഞ് നടക്കുന്നതുപോലെയാണ്. ആയതിനാൽ, ദൈവഹിതത്തിന്റെ പരിജ്ഞാനത്താൽ നിറഞ്ഞ് പ്രാർത്ഥനയിലൂടെയും, ദൈവവചന ധ്യാനത്തിലൂടെയും, വചനത്തെ അനുസരിക്കുന്നവരും ആയിത്തീർന്ന് ആത്മീക ജ്ഞാനത്തിൽ വളരുകയും ചെയ്ത് ദൈവീക ഉദ്ദേശ്യത്തിന് വിധേയപ്പെട്ട നമുക്ക് മുന്നേറാം, കർത്താവിന്റെ വരവിനു വേണ്ടി കാത്തിരിക്കാം. ദൈവം എല്ലാവരെയും ദൈവീക പദ്ധതിയിലൂടെ സഞ്ചരിപ്പാൻ ഇടയാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

മാറാനാഥാ! യേശു വരാറായി!

"ഇടവിടാതെ പ്രാർത്ഥിപ്പിൻ; എല്ലാറ്റിനും സ്തോത്രം ചെയ്വിൻ;
ഇതല്ലോ നിങ്ങളെക്കുറിച്ച് ക്രിസ്തുയേശുവിൽ ദൈവേഷ്ടം." 1 Thess. 5:17

## പ്രാർത്ഥനയ്ക്ക്

1. ബഹറിന്റെ ഭരണാധികാരികൾക്കും ജനങ്ങൾക്കും സുരക്ഷയ്ക്കും വേണ്ടി.
2. ഭാരതത്തിലെ ഭരണാധികാരികൾക്കും, ജനങ്ങൾക്കും, 29 സ്റ്റേറ്റുകളിൽ വിവിധ നിലകളിൽ സുവിശേഷപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുമായി.
3. നമ്മുടെ കേരളത്തിലെ 14 ജില്ലകൾക്കായും അവിടുത്തെ സുവിശേഷപ്രവർത്തനങ്ങൾക്കുമായി.
4. സുവിശേഷം നിമിത്തം തടവറയിൽ ആയിരിക്കുന്ന മിഷനറിമാർക്കായും അവരുടെ കുടുംബത്തിനായും.
5. ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകുവാനും എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയപ്പെടുവാനും.
6. സുവിശേഷ പ്രവർത്തനങ്ങൾക്കായി സഭയിൽ നിന്നു പോയ എല്ലാവരേയും ഓർത്ത് പ്രാർത്ഥിക്കുക.
7. PMBB യുടെ പ്രവർത്തനങ്ങൾക്കായും അതിന് ചുമതല വഹിക്കുന്ന എല്ലാ ശുശ്രൂഷകൻമാർക്കായും.
8. വാർദ്ധക്യത്തിലായിരിക്കുന്ന മാതാപിതാക്കൾ, രോഗികളായി ആശുപത്രികളിലായിരിക്കുന്നവർ എന്നിവർക്കായി.
9. For all those who are planning to get married so that they find the right partner.
10. For those who are seeking for a job and looking for a promotion in their current jobs.
11. For those who are under pressure in their job and facing visa and other problems.
12. For our youngsters studying in Schools & Professional Colleges in and out of Bahrain.
13. Pray for Pastor V P Philip and family and his ministry
    Pr. M J David and family | Pr. Jaison and family
    Elders: Madhusoodhan and family | George Mathew and family
    Manoj and family.
14. For Church Council, Office-bearers, Church Choir, Sunday School, PYPA, and Sisters Fellowship.
15. For all who is unwell and need our prayers:
    *Sis. Lillykutty Andrews *Br. Cherian Mathews *Br. Shiju Samuel
    *Sis. Mini Ponnachan *Br. Sterin *Mother of Bindhu Dhaneesh
    *Mother of Sis. Silu Lovinson *Sis. Sanju *Sis. Sheeba (USA)
    *Br. Pradeep (TVM) *Mother of Bro. Tino Kuriakose *Br. Jose Kalayapuram
    *Sis. Manju *Sis. Alphonse * Mother of Bro. Titus Varghese
16. Family way - Sis. Flemy Emmanuel
17. For family blessings.
18. For all other unspoken prayer requests.

## സ്തോത്രത്തിന്

### SEPTEMBER

#### BIRTHDAYS

- Sep-08 Jaan Thomas
- Sep-09 Nissi Titus
- Sep-09 Niku P. Jacob
- Sep-10 Julia Elizabeth Joy
- Sep-11 Iype Mathew
- Sep-11 Leemol Shiju
- Sep-11 Sajeena Philip
- Sep-12 Jerin K. Oommen
- Sept-15 Abel John Nidhin
- Sep-16 Lovinson Abraham
- Sep-16 Ephraim Lovinson
- Sep-17 Eben Peter Binu
- Sep-17 Alaina Thomas
- Sep-18 Janis M. Salin
- Sep-20 Rhema Eilen Mathew
- Sep-27 George Jacob

#### WEDDING ANNIVERSARY

- Sep-13 Regi Kurien & Liji Regi
- Sep-24 Mathew Kuruvilla & Joice Mathew Kuruvilla
- Sept-30 Sam Mathews & Sharon Joseph
- Sep-30 Jaison Mathew & Anitha Jaison

Please send your prayer requests, articles & feedback to
**Pr. V.P Philip @ 33348997 | Br. John Mathew @ 33246800**
**or ipcbahrainchurch@gmail.com**

ipcbahrain www.ipcbahrain.org

(For private circulation among church members only)